## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.597 | 23.05.2017-ൽ മറുപടിയ്ക്ക് |
|---|---|

**വഴിയോരക്കച്ചവടക്കാരുടെ ക്ഷേമത്തിനായി നടപടികൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ആർ. രാമചന്ദ്രൻ<br>ശ്രീ.സി. ദിവാകരൻ<br>ശ്രീമതി. ഗീതാ ഗോപി<br>ശ്രീ.എൽദോ എബ്രഹാം** | | **ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** | |
| (എ) | വഴിയോരക്കച്ചവടക്കാരുടെ ക്ഷേമത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ; | (എ) | തെരുവ് കച്ചവടക്കാർക്കുള്ള ക്ഷേമ പദ്ധതികൾ ആവിഷ്കരിക്കുന്നതിന്റെ ഭാഗമായി യഥാർത്ഥ തെരുവോര കച്ചവടക്കാരെ കണ്ടെത്തുന്നതിനായി സർവ്വേ നടന്നുവരികയാണ്. 83 നഗരസഭകളിൽ സർവ്വേ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ തെരുവ് കച്ചവടക്കാരുടെ ക്ഷേമ പ്രവർത്തനങ്ങൾ സംസ്ഥാനതലത്തിൽ ഏകോപിപ്പിക്കുന്നതിനും സാങ്കേതിക ഉപദേശം നൽകുന്നതിനുമായി വകുപ്പ് മന്ത്രി അദ്ധ്യക്ഷനായ ഒരു "സംസ്ഥാനതല ഉപദേശക സമിതി"ക്ക് രൂപം നൽകിയിട്ടുമുണ്ട്. നഗരസഭകളിൽ തെരുവ് കച്ചവടക്കാരുടെ പ്രതിനിധികൾ ഉൾപ്പെടുന്ന നഗര തെരുവ് കച്ചവട സമിതി (ടൗൺ വെന്റിംഗ് കമ്മിറ്റി (ടിവിസി) 47 നഗരങ്ങളിൽ രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റിയുടെ മേൽനോട്ടത്തിലാണ് തെരുവ് കച്ചവടക്കാർക്കുള്ള തിരിച്ചറിയൽ കാർഡും ലൈസൻസ്സും നൽകുന്നതുൾപ്പെടെയുള്ള ക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്.<br>തെരുവ് കച്ചവടക്കാരുടെ ക്ഷേമത്തിനായി ദേശീയ തെരുവ് കച്ചവട നിയമത്തിന്റെ ചുവടുപിടിച്ച് സംസ്ഥാന സർക്കാർ ചട്ടവും സ്കീമും തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത വിഷയം ഇപ്പോൾ നിയമവകുപ്പിന്റെ പരിഗണനയിലാണ്. ചട്ടവും സ്കീമും അംഗീകരിച്ച് ഉത്തരവ് പ ുറപ്പെടുവിക്കുന്നതിലൂടെ തെരുവ് കച്ചവടക്കാർക്ക് നിയമപരമായ പരിരക്ഷ ലഭിക്കുന്നതാണ്. |
| (ബി) | സംസ്ഥാന വ്യാപകമായി വഴിയോരക്കച്ചവടക്കാരുടെ സർവ്വേ നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത്തരം ഒരു സർവ്വെ നടത്തുന്നതിന് തയ്യാറാകുമോ; വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്തെ 83 നഗരങ്ങളിൽ സർവ്വേ പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന 10 നഗരങ്ങളിൽ ജൂൺ മാസത്തോടെ സർവ്വേ പൂർത്തീകരിക്കുന്നതാണ്. ടി നഗരങ്ങളിലായി 18,337 തെരുവോര കച്ചവടക്കാരെ കണ്ടെത്തിയിട്ടുണ്ട്. |
| (സി) | വഴിയോരക്കച്ചവടക്കാർക്ക് ലൈസൻസും തിരിച്ചറിയൽ കാർഡും നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (സി) | സ്വീകരിക്കുന്നതാണ്. സർവ്വേ പൂർത്തിയാക്കിയതിൽ മലപ്പുറം, പാലക്കാട് നഗരസഭകളിലെ തെരുവ് കച്ചവടക്കാർക്ക് തിരിച്ചറിയൽ കാർഡ് നൽകിയിട്ടു ണ്ട്. നഗരങ്ങളിൽ തെരുവ് കച്ചവടക്കാർക്കുള്ള തിരിച്ചറിയൽ കാർഡും ലൈസൻസും നഗര തെരുവ് കച്ചവട സമിതിയുടെ അംഗീകാരത്തിനു വിധേയമായി നഗരസഭകൾ നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ